കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 105/2025 തിരുവനന്തപുരം, തീയതി: 19.05.2025

# പത്രക്കുറിപ്പ്

## നാല് വർഷ ബിരുദ പ്രവേശന പരീക്ഷ 2025 ജൂൺ 8 ന്

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ നാല് വർഷ ബിരുദ പ്രവേശനത്തിനുള്ള പരീക്ഷയ്ക്ക് 2025 മെയ് 26 വരെ അപേക്ഷിക്കാം. പ്രവേശന പരീക്ഷ ജൂൺ 8 ന് നടക്കും. 2025 - 26 അക്കാദമിക വർഷത്തിൽ16 മേജർ വിഷയങ്ങളിൽ നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ ഉണ്ട്. മേജർ വിഷയങ്ങളായി മലയാളവും കേരള പഠനവും, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ബിബിഎ, സൈക്കോളജി, മാത്തമാറ്റിക്സ്, ബികോം എന്നിവയാണ് ഉള്ളത്. ഇതോടൊപ്പം ലോകത്താകമാനം സ്വീകാര്യതയുള്ള നൂതനമായ വിഷയങ്ങളുൾപ്പെടെ വിദ്യാർത്ഥിക്ക് മൈനർ ആയും പഠിക്കാം. ഡാറ്റാ സയൻസ്, ഡാറ്റാ അനലിറ്റിക്സ്, അപ്ലൈഡ് ലിംഗ്വിസ്റ്റിക്സ്, സൈബർ സെക്യൂരിറ്റി, സപ്ലൈ ചെയിൻ, ബയോ ഡൈവേഴ്സിറ്റി, നാനോ സയൻസ്, ബയോടെക്നോളജി, ബയോകെമിസ്ട്രി, ക്ലൈമറ്റ് ചേഞ്ച്, ഫങ്ഷണൽ മെറ്റീരിയൽസ്, മെഷീൻ ലേർണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി അൻപതിലധികം വിഷയങ്ങൾ മൈനർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു നിശ്ചിത ക്രെഡിറ്റ് മൈനർ വിഷയത്തിൽ വിദ്യാർത്ഥി കരസ്ഥമാക്കിയാൽ ആ വിഷയത്തിന്റെ തന്നെ ബിരുദാനന്തര ബിരുദത്തിലും ഗവേഷണത്തിലും പഠനം തുടരുന്നതിനുള്ള അവസരമുണ്ടെന്നതും പ്രത്യേകതയാണ്. മൂന്ന് വർഷത്തിൽ ഒരു നിശ്ചിത ക്രെഡിറ്റ് കരസ്ഥമാക്കി പഠനം അവസാനിപ്പിക്കുന്നവർക്ക് ആവശ്യമെങ്കിൽ BA/BSc/BBA/BCom ഡിഗ്രി നേടി പുറത്തു പോകാനും അവസരമുണ്ട്. ബിരുദപഠനത്തിന്റെ മൂന്ന് വർഷത്തിൽ എഴുപത്തഞ്ചു ശതമാനം (CGPA-7.5) കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം വർഷം തുടർന്നു പഠിക്കാം. നാലുവർഷ ഡിഗ്രി വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് ഡിഗ്രി ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമാണ് ലഭിക്കുന്നത്. സർവകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളിൽ ബിരുദാനന്തര ബിരുദം, പിഎച്.ഡി എന്നിവക്ക് ചേരുവാൻ ഇത് ആദ്യ കാൽവയ്പ്പ് ആകും. തൊഴിൽ തൽപരരേയും ഗവേഷണ അഭിരുചിയുള്ളവരേയും കണ്ടെത്തി അവർക്ക് കൃത്യമായ ദിശാബോധം നൽകുന്നതിന് പഠന ഗവേഷണ വകുപ്പുകൾ രൂപകല്പന ചെയ്ത ഈ പ്രോഗ്രാമുകൾക്ക് കഴിയുമെന്നുറപ്പാണ്. ഓൺലൈൻ ആയിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**പ്രവേശന പരീക്ഷയുടെ ഘടന**

**16 മേജർ വിഷയങ്ങളിൽ ഒരു മണിക്കൂർ വീതമുള്ള ഒബ്ജെക്റ്റീവ് ടൈപ്പ് പരീക്ഷയാണ് നടത്തുക. ഹയർ സെക്കന്ററി തലത്തിലുള്ള അതാതു വിഷയങ്ങളുടെ സിലബസ് ആധാരമാക്കിയായിരിക്കും ചോദ്യങ്ങൾ. ഒരു ശരിയുത്തരത്തിന് നാലു മാർക്ക് ലഭിക്കും. ഒരു തെറ്റ് ഉത്തരത്തിന്ന് ഒരു മാർക്ക് കുറയും. ഒരു വിദ്യാർഥിക്ക് അഞ്ച് വിഷയങ്ങളിൽ വരെ പരീക്ഷ എഴുതാം. ഈ വിഷയങ്ങളിൽ ഏതിൽ വേണമെങ്കിലും മേജർ എടുക്കാം. കേരളത്തിലെ മൂന്നു ജില്ലകൾ വരെ സെന്റർ ആയി നൽകുവാനുള്ള ഓപ്ഷൻ ഉണ്ട്. യോഗ്യത : ഹയർ സെക്കന്ററി/തത്തുല്യം. പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.**

**അപേക്ഷകൾ ഓൺലൈനായി [http://admissions.keralauniversity.ac.in](http://admissions.keralauniversity.ac.in) ൽ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക** email: cssfyughelp**2025**@gmail.com**,** Phone: **0471 2308328,** Mobile: **9188524612.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |